**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 404</u>** **<u>10-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കി മൂന്നു വർഷത്തിനകം കെ.എസ്.ആർ.ടി.സി. യുടെ വരവു ചെലവുകൾ തുല്യമാകുമെന്നും ശമ്പളപരിഷ്കരണം ഉൾപ്പെടെ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് നൽകുമെന്നും ബജറ്റ് പ്രസംഗത്തിൽ മുൻ ധനമന്ത്രി പരാമർശിച്ചതു പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | പ്രൊഫ.സുശീൽ ഖന്ന പഠന റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും ബാലൻസ് ചെയ്യുകയും ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുമെന്നുമാണ് ബഡ്ജറ്റ് പ്രസംഗത്തിൽ മുൻ ധനകാര്യ വകുപ്പ് മന്ത്രി പരാമർശിച്ചിരുന്നത്. പ്രൊഫ.സുശീൽ ഖന്ന പഠന റിപ്പോർട്ട് നടപ്പാക്കി കെ.എസ്.ആർ.ടി.സി.യെ ലാഭകരമായി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ, 3100 കോടി രൂപയുടെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യിൽ 1984-ൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ, സർക്കാർ പെൻഷൻ നൽകുന്നതിന് ഒരു സഞ്ചിത നിധി ആരംഭിച്ചിരുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ 65 കോടി രൂപ കണ്ടെത്താൻ കഴിയാത്തതിനാൽ സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകി വരുന്നു. ഇത്തരത്തിൽ പെൻഷൻ നൽകുന്ന തുക സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സഹകരണ സംഘങ്ങൾക്ക് പലിശ സഹിതം തിരികെ നൽകി വരുന്നു. കൂടാതെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചതുവഴി കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ അധികവരുമാനം നേടാൻ കഴിഞ്ഞതിനാലും, വായ്പ |

| | | | |
|---|---|---|---|
| | | | തിരിച്ചടവിനത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതിനാലും ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ ഇൻമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ ഒരു നിശ്ചിത ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞു. കൂടാതെ കുടിശ്ശികയുള്ള ക്ഷാമബത്തയിൽ 8% ക്ഷാമബത്ത 2018 ഡിസംബർ മാസം മുതൽ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി ആയതിന്റെ ഗുണ ഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടുകൂടി കോവിഡ് വ്യാപനം ആരംഭിക്കുകയും, തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുത്തനെ ഇടിയുകയും സാമ്പത്തിക പ്രതിസന്ധി ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായത്. മാർച്ച് 2020 മുതൽ കോവിഡ്-19 വ്യാപിച്ചതിനാൽ KSRTC-യുടെ വരുമാനം ഗണ്യമായി കുറഞ്ഞെങ്കിലും ചെലവിൽ വ്യത്യാസം വന്നിട്ടില്ല. ആയതിനാൽ, ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് നൽകിയിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള ശമ്പളക്കരാറിലെ കാലാവധി എന്നുവരെ ആയിരുന്നു; ശമ്പള പരിഷ്കരണം നടത്താൻ കാലതാമസം നേരിടുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 01.03.2011 മുതൽ 29.02.2016 വരെ ആയിരുന്നു ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി. ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റുമായി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന വ്യവസ്ഥകളും, വേതനവും ഉൾപ്പെടുത്തി ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ കഴിയുമെന്ന തരത്തിൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. അതിനായി മാനേജ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നുണ്ട്. 20.03.2021, 24.03.2021 എന്നീ തീയതികളിൽ കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനകളുമായി മാനേജ്മെന്റ് തലത്തിൽ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയുണ്ടായി. 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500/- രൂപ വീതം പ്രതിമാസം ഇടക്കാലാശ്വാസം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ ക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പൂർണ്ണമായും സർക്കാർ ധനസഹായംകൊണ്ടാണ് ശമ്പളവും, |

| | | | |
|---|---|---|---|
| | | | പെൻഷനും മറ്റ് ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഉൽപാദനക്ഷമത കൂട്ടുന്ന രീതിയിൽ സർവ്വീസ് ക്രമീകരിച്ചു കൊണ്ട് ചെലവ് കുറച്ച് മറ്റ് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണ കരാറിനോടൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ച ഒരു ദീർഘകാല കരാറും ഒപ്പിടേണ്ടതുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തുന്നതിന് സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പര്യാപ്തമല്ല എന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ.സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും, അദ്ദേഹം നടത്തിയ സമഗ്രപഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ താഴെപ്പറയുന്ന വിധത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയുണ്ടായി. (i) കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനായി പ്രഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. (ii) കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. (iii) ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. (iv) കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവിണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും IT, Accounts, HR, Commercial എന്നീ വിഭാഗങ്ങളി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. (v) കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേയ്ക്ക് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (vi) കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ നടപടികൾ കോർപ്പറേഷനിൽ ഒരു സമഗ്രമായ മാറ്റത്തിന് വഴിയൊരുങ്ങുകയും ആയതിന്റെ ഫലപ്രാപ്തിയെന്നോണം വരുമാനം വർദ്ധിക്കുകയും ചെയ്തതതിലൂടെ കെ.എസ്.ആർ.ടി.സി. സാമ്പത്തിക അച്ചടക്കം കൈവരിച്ചുവന്നിരുന്ന കാലഘട്ടത്തിലാണ് ലോകമാകെ കീഴടക്കിയ കോവിഡ്-19 മഹാമാരി പൊതുഗതാഗതത്തെ ആകെ തകിടംമറിയ്ക്കുകയും കെ.എസ്.ആർ.ടി.സി.യെ വൻപ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുള്ളത്. ആയതുകൊണ്ടുതന്നെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എത്രത്തോളമാണെന്ന് വിലയിരുത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയാത്ത അവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ